16/3/22

18/03/22

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം–695 001

Email: sic.ker@nic.in

ഹർജി നമ്പർ **AP 4(1)/2022/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.48/SIC-Gen4/2022**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 16**

| | |
|---|---|
| ശ്രീ. രഞ്ജിത് എം.ദാസ്,<br>രഞ്ജിത് ഭവൻ,<br>വടക്കേവിള, ആട്ടുകാൽ,<br>ചുള്ളിമാനൂർ പി.ഒ.,<br>നെടുമങ്ങാട്, തിരുവനന്തപുരം – 695 541. | അപ്പീൽ ഹർജിക്കാരൻ |
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>പ്രഥമാധ്യാപിക,<br>വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂൾ,<br>പനയ്ക്കോട്, തിരുവനന്തപുരം – 695 542.<br>2. അപ്പീൽ അധികാരി &<br>ജില്ലാ വിദ്യാഭ്യാസ ഓഫീസർ,<br>ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,<br>ആറ്റിങ്ങൽ, തിരുവനന്തപുരം. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 17.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 25.8.2021, 7.10.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 7.9.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 20.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 31.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 3.1.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 25.1.2022 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 15.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രഞ്ജിത് എം.ദാസ്, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് വിവരം ലഭ്യമാക്കാത്തതിനാൽ അപ്പീൽ അധികാരിക്ക് അപ്പീൽ നൽകി എന്നും വിവരങ്ങൾ സമയബന്ധിതമായി നൽകാൻ വേണ്ട നിർദ്ദേശത്തോടെ അപ്പീൽ

തീർപ്പാക്കിയെങ്കിലും വിവരാവകാശ നിയമത്തെ നോക്കുകുത്തിയാക്കിക്കൊണ്ട് അസ്പഷ്ടമായി വ്യാജമായി സൃഷ്ടിച്ചെടുത്ത ഒരു മറുപടിയാണ് ഹർജിക്കാരന് ലഭിച്ചതെന്നും ആയതിനാൽ കമ്മീഷൻ ഇടപ്പെട്ട് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഒന്നാം എതിർകക്ഷിയ്ക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ് :

i. ശ്രീജിത് കെ.ജെ. എന്നയാൾ വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂളിലെ സ്കൂൾതലപ്രവർത്തനങ്ങൾക്ക് തടസ്സമാകുന്ന രീതിയിൽ എന്തെങ്കിലും പരാതികൾ നൽകിയിട്ടുണ്ടോ എന്നും ഏതൊക്കെ എന്നും ശരിപകർപ്പ് നൽകണമെന്നും

ii. 2019–20 അധ്യയന വർഷത്തെ പി.ടി.എ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ടിയാൻ നൽകിയിട്ടുള്ള പരാതികൾ എന്തൊക്കെ എന്നും ശരിപകർപ്പ് നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 25.8.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. തുടർന്ന് ടി മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരം ഒന്നാകെ നിഷേധിച്ചിരിക്കുകയാണെന്നും ആയതിനാൽ അപ്പീൽ അധികാരി ഇടപെട്ട് വിവരം ലഭ്യമാക്കാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് 7.9.2021–ന് അപ്പീൽ സമർപ്പിച്ചിട്ടുള്ളതായി കാണുന്നു. മേൽപ്പടി അപ്പീൽ തീർപ്പാക്കി 20.9.2021–ൽ പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2 മുതൽ 6 വരെയുള്ളവയ്ക്ക് കൃത്യമായി മറുപടി നൽകിയിട്ടില്ലായെന്ന് ബോധ്യപ്പെട്ടുവെന്നും ആയതിനാൽ അപ്പീൽ വാദി വിവരാവകാശ നിയമ പ്രകാരം നൽകിയ അപേക്ഷയിലെ ചോദ്യം 2 മുതൽ 6 വരെയുള്ളവയ്ക്ക് കൃത്യവും വ്യക്തവുമായ മറുപടിയും ആവശ്യപ്പെട്ട രേഖകൾ സൗജന്യമായും അടിയന്തിരമായും നേരിട്ട് നൽകാൻ എസ്.പി.ഐ.ഒയ്ക്ക് നിർദ്ദേശം നൽകുന്നുവെന്നാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 16.7.2021–നാണ് നിലവിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ സ്ഥാനകയറ്റം മുഖേന വി.കെ. കാണി ഗവൺമെന്റ് ഹൈസ്കൂളിൽ പ്രഥമാധ്യാപികയായി ചുമതല എടുത്തത് എന്നും ഹർജിക്കാരൻ 17.7.2021–നാണ് വിവരാവകാശ നിയമ പ്രകാരം അപേക്ഷ നൽകിയിരുന്നത് എന്നും ആയതിന് വളരെ കൃത്യസമയത്ത് തന്നെ മറുപടിയും നൽകിയിട്ടുള്ളതാണെന്നും ടിയാൻ നൽകിയ 2 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടികൾക്കാണ് കൂടുതൽ വ്യക്തത വരുത്തുവാൻ ഒന്നാം അപ്പീലധികാരി ഉത്തരവിട്ടത് എന്നും ചോദ്യം 2 മുതൽ 4 വരെയുള്ള മുഴുവൻ ചോദ്യങ്ങളും അധ്യാപക രക്ഷകർതൃ സമിതി സംബന്ധമായ ചോദ്യങ്ങൾ ആണെന്നും ആയത് സംബന്ധിച്ച് ടിയാന് മറുപടി നൽകാൻ കഴിയാത്തതാണെന്ന് കമ്മീഷൻ പുറപ്പെടുവിച്ച സി.പി.നമ്പർ 190(3)/2020 ഉത്തരവിൽ വ്യക്തമാണെന്നും ചോദ്യം 5, 6 എന്നിവ ടി സ്ഥാപനത്തിൽ നിന്നും 21.7.2016–ന് വിടുതൽ ലഭിച്ച് പോയ ഒരു അധ്യാപകന്റെ സർവ്വീസ് കാര്യങ്ങളാണെന്നും ആയത്

ടി അധ്യാപകൻ നിലവിൽ സേവനമനുഷ്ഠിക്കുന്ന സ്ഥാപനത്തിന്റെ അഡ്രസ് ഉൾപ്പെടെ അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നുമാണ്.

5. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ അപേക്ഷ 17.7.2021–ന് ഒന്നാം എതിർകക്ഷിയ്ക്ക് സമർപ്പിച്ചിരുന്നു എന്നും എന്നാൽ ടി അപേക്ഷയ്ക്ക് മറുപടി 25.8.2021 തീയതി സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയിരുന്നു എന്നും ടി മറുപടിയിൽ തൃപ്തനാകാത്ത അപ്പീൽ വാദി 7.9.2021 തീയതി അപ്പീൽ നൽകി എന്നും 20.9.2021–ന് അപ്പീൽ തീർപ്പാക്കി ഉത്തരവായിട്ടുള്ളതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ അപേക്ഷയിലെ 2 മുതൽ 4 വരെയുള്ള ഇനങ്ങളിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് പി.ടി.എ യുമായി ബന്ധപ്പെട്ട വിവരമാണെന്നും പി.ടി.എ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതല്ല എന്നതിനാൽ ടി ഇനത്തിന് നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. എന്നാൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾക്ക് വിവരാവകാശ നിയമ പ്രകാരം മറുപടി നൽകേണ്ടത് തന്നെയാണെന്ന് കമ്മീഷന് ബോധ്യമാകുന്നു. ടി ഇനങ്ങളിൽ ഹർജിക്കാരൻ വിവരം ആവശ്യപ്പെട്ട ശ്രീ. ശ്രീജിത് കെ.ജെ. എന്ന അദ്ധ്യാപകൻ 21.7.2016ന് ഒന്നാം എതിർകക്ഷി സ്ഥാപനത്തിൽ നിന്നും വിടുതൽ ചെയ്ത് മറ്റൊരു സ്ഥാപനത്തിലാണ് നിലവിൽ ജോലി ചെയ്തു വരുന്നത് എന്ന് കാണുന്നു. വിവരാവകാശ നിയമ പ്രകാരം എവിടെ നിന്നാണോ വിവരം ലഭിക്കേണ്ടത് ടി സ്ഥാപനം കണ്ടെത്തി അപേക്ഷ നൽകേണ്ട ചുമതല അപേക്ഷകന്റേതാണ്. ആയതിനാൽ എതിർകക്ഷികൾ മറുപടി നൽകുന്നതിൽ മന:പൂർവ്വമോ ബോധപൂർവ്വമോ വീഴ്ച വരുത്തിയതായി പറയാനാവില്ല. എന്നിരുന്നാലും ശ്രീ. ശ്രീജിത് കെ.ജെ. നിലവിൽ എവിടെയാണ് ജോലി ചെയ്തുവരുന്നത് എന്ന് കണ്ടെത്തി ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 5, 6 എന്നീ ഇനങ്ങൾക്ക് മറുപടി നൽകുന്നതിനായി അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടി സ്ഥാപനത്തിലെ എസ്.പി.ഐ.ഒയ്ക്ക് ഒന്നാം എതിർകക്ഷി 25.3.2022നകം അയച്ചു കൊടുക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 16–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk